പാലക്കാട് ജില്ലയിലെ (ഫിസിക്കൽ സയൻസ്) എച്ച്. എസ്. എ. നിയമനം

122 (4404) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ 2001 ജൂലായിൽ നിലവിൽ വന്ന എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)മാരുടെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി :

(ബി) പാലക്കാട് ജില്ലയിൽ ഇപ്പോൾ വിവിധ ഹൈസ്കൂളുകളിലായി എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് : പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ : ഇല്ലെങ്കിൽ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 34 പേർക്ക് നിയമനം നൽകി.

(ബി) 13 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.എ. (മാത്സ്) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ

123 (4405) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എച്ച്. എസ്. എ. (മാത്സ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് :

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ :

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒഴിവുകൾ ഇല്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly